"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - അച്ചടക്ക നടപടി - മൂന്നാർ ഫോറസ്റ്റ് ഡിവിഷനിലെ മൂന്നാർ റേഞ്ചിൽ 2012-13 കാലയളവിൽ ദേശീയ വനവൽക്കരണ പദ്ധതിയിലെ ക്രമക്കേടും അഴിമതിയും - ശ്രീ.വി.സി.കാർത്തികേയൻ, വിരമിച്ച സെക്ഷൻ ഫോറസ്റ്റ് ഓഫീസർക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.423/2022/F&WLD തീയതി,തിരുവനന്തപുരം, 30-09-2022

---

പരാമർശം:-

1. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 19.11.32013-ലെ ബി8-46179/2013 നമ്പർ കത്ത്.
2. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) എച്ച്.ആർ.സി. , കോട്ടയത്തിന്റെ 04.11.2013ലെ PFM 2678/2013 നമ്പർ നടപടി ഉത്തരവ്
3. വിജിലൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 09.12.2014-ലെ VE3-6670/2014 നമ്പർ റിപ്പോർട്ട്
4. 19.01.2016-ലെ 14091/എ1/2013/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്
5. 30.12.2021 ലെ എ1/22/2019/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്
6. 19.01.2022 തീയതിയായി ശ്രീ.വി.സി.കാർത്തികേയൻ, വിരമിച്ച സെക്ഷൻ ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച പ്രതിവാദ പത്രിക.
7. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ന്റെ 24.06.2022 ലെ ബി8-46179/2013 നമ്പർ കത്ത്.
8. 30.12.2021-ലെ സ.ഉ. (സാധാ.) 439/2021/വനം.നമ്പർ ഉത്തരവ്.

<u>ഉത്തരവ്</u>

മൂന്നാർ റെയിഞ്ചിൽ 2012-13 കാലയളവിൽ ദേശീയ വനവൽക്കരണ പദ്ധതി പ്രകാരം ഇടമലക്കുടി, മുളകുതറ, മീൻകുത്തി എന്നീ ആദിവാസി വന സംരക്ഷണ സമിതി മേഖലയിൽ എ.എൻ.ആർ. പെരനിയൽ ഹെർബ്സ് & ഷെർബ്സ് ഓഫ് മെഡിസിനൽ വാല്യൂ എന്നീ ജോലികൾ ചെയ്തതിൽ വ്യാപകമായ ക്രമക്കേടുകളും അഴിമതിയും നടന്നിട്ടുള്ളതായും 1,63,78,671/-

രൂപ സർക്കാർ നഷ്ടം സംഭവിച്ചതായും ആയതിന് ആറ് ഉദ്യോഗസ്ഥർ ഉത്തരവാദികളാണെന്നും പരാമർശം(1) പ്രകാരം പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ റിപ്പോർട്ട് ചെയ്യുകയും അതിലൊരാളായ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ.വി.സി.കാർത്തികേയനെ പരാമർശം (2) പ്രകാരം സസ്പെന്റ് ചെയ്യുകയും ചെയ്തു

തുടർന്ന് ടി വിഷയത്തിൽ വിജിലൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അന്വേഷണം നടത്തുകയും പരാമർശം (3) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തു. ടി ആദിവാസി വനസംരക്ഷണ സമിതി മേഖലയിൽ നടത്തിയിട്ടുള്ള മദർബെഡ് നഴ്സറി ബാസ്കറ്റ്ബെഡ് നഴ്സറി, എ.എൻ.ആർ. പ്ലാന്റേഷനുകൾ, ഏലത്തോട്ടം എന്നിവയ്ക്കായി ആകെ 2,94,12,497/- രൂപയുടെ ബില്ല് സമർപ്പിച്ചുവെങ്കിലും ആയതിൽ 59,44,894/- രൂപയുടെ ജോലി മാത്രമേ യഥാർത്ഥത്തിൽ ചെയ്തിരുന്നുള്ളൂവെന്നും ആയതിന് ആകെ ബിൽ തുകയായ 2,94,12,497/- രൂപയിൽ 2,34,67,633/- രൂപയുടെ തെറ്റായ ബില്ലുകൾ ഉൾപ്പെട്ടിരുന്നുവെന്നും, ആയതിൽ 1,63,78,671/- രൂപ പാസ്സാകുകയുണ്ടായിയെന്നും, ദുരുപയോഗം ചെയ്യപ്പെട്ട തുക 1,28,75,305/- (1,63,78,671 - 35,03,366) രൂപയാണ് പാസ്സാക്കിയെങ്കിലും അഡ്ജസ്റ്റ് ചെയ്യാൻ സാധിക്കാത്ത 39,54,496/- രൂപയുടെ ബില്ലുകളും പാസ്സാക്കുകയോ അഡ്ജസ്റ്റ് ചെയ്യുകയോ ചെയ്യാത്ത 90,70,330/- രൂപയുടെ ബില്ലുകളും ഉണ്ടായിരുന്നുവെന്നും, കൂടുതൽ ഫണ്ട് ഉണ്ടായിരുന്നെങ്കിൽ വ്യാപ്തി 1,30,33,826/- രൂപയിലും അധികമായിരുന്നുവെന്നും, ഇതിൽ 35,63,366/- രൂപ മാത്രമേ ആദിവാസികൾക്ക് നൽകിയിട്ടുള്ളൂവെന്നും, 'The expenditure is infatuation as the plantation met with failure because of inappropriate execution' ആയതിനാൽ 1,63,78,671/- രൂപയും കുറ്റക്കാരായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണെന്നും ശുപാർശ ചെയ്യുകയുണ്ടായി.

ശ്രീ.വി.സി.കാർത്തികേയൻ സസ്പെൻഷനിലിരിക്കെ 28.02.2015-ൽ സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി അച്ചടക്ക നടപടി ആരംഭിച്ചു. ഈ വിഷയത്തിലെ സർക്കാർ നഷ്ടത്തിന്റെ ആനുപാതിക വിഹിതമായ 23,65,581/- രൂപ ടിയാന്റെ ഡിസിആർജിയിൽ നിന്ന് ഈടാക്കുന്നതിനും/ഡിസിആർജി തുക പര്യാപ്തമല്ലെങ്കിൽ, കെഎസ്ആർ ഭാഗം III ചട്ടം 116 പ്രകാരം സിവിൽ സ്യൂട്ട് ഫയൽ ചെയ്തുകൊണ്ട് ബാക്കി തുക ഈടാക്കുന്നതിനും കെ.എസ്.ആർ. ഭാഗം III ചട്ടം മൂന്ന് പ്രകാരം പ്രതിമാസ പെൻഷനിൽ നിന്നും 750/- രൂപ സ്ഥിരമായി കുറവ് ചെയ്യുന്നതിനും തീരുമാനിച്ചാണ് കാരണം കാണിക്കൽ നോട്ടീസ് നൽകിയത്.

ടിയാനെ നേരിൽ കേൾക്കുകയും ടിയാൻ നിമിത്തം സർക്കാർ ഫണ്ടിന്റെ ദുർവിനിയോഗം നടന്നിട്ടുള്ളതായി ബോധ്യമായതിനാൽ വിജിലൻസ് വകുപ്പിന്റെ അംഗീകാരത്തോടെ കാരണം കാണിക്കൽ നോട്ടീസിൽ തീരുമാനിച്ച പ്രകാരം നടപടി തീർപ്പാക്കാവുന്നതാണെന്ന് തീരുമാനിക്കുകയും കെ.എസ്.ആർ. ഭാഗം മൂന്ന് ചട്ടം മൂന്ന് പ്രകാരമുള്ള നടപടി ക്രമം പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരായുകയും ചെയ്തു.

മേൽ വിഷയം കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും മറ്റ് വസ്തുതകളുടെ അടിസ്ഥാനത്തിലും, സർക്കാർ വിശദമായി പരിശോധിച്ചു

ഒരാൾ സർവ്വീസിലിരിക്കുമ്പോൾ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിരമിച്ചതിനു ശേഷവും ആ ജീവനക്കാരൻ സർവ്വീസിൽ തുടർന്നിരുന്നാലെന്നപോലെ അതേരീതിയിൽ നടപടി തുടരാനാണ് കേരള സർവ്വീസ് റൂൾസ് ഭാഗം III ചട്ടം 3 (a)-ൽ വ്യവസ്ഥ ചെയ്യുന്നത് കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടപ്രകാരം ഒരു ഉദ്യോഗസ്ഥന് അച്ചടക്ക നടപടിയുടെ ഭാഗമായി ഒരു ചാർജ്ജ് മെമ്മോ നൽകിക്കഴിഞ്ഞാൽ മാത്രമേ അയാൾക്കെതിരായി വകുപ്പുതല നടപടി ആരംഭിച്ചിട്ടുള്ളതായി പറയാൻ സാധിക്കുകയുള്ളൂ. എന്നാൽ ശ്രീ.വി.സി.കാർത്തികേയന് സർവ്വീസിലിരിക്കെ കുറ്റപത്രം നൽകിയിട്ടില്ല, ടിയാൻ സസ്പെൻഷനിലിരിക്കെ 28.02.2015-ൽ സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ കേരള സർവ്വീസ് റൂൾസ് പാർട്ട് III റൂൾ 3 പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയാണുണ്ടായത്. ആയതിനാൽ കേരള സർവ്വീസ് റൂൾസ് പാർട്ട് III റൂൾ 3 (എ) പ്രകാരം നടപടി സ്വീകരിക്കാൻ സാധിക്കുകയില്ല കൂടാതെ, അച്ചടക്ക നടപടിയ്ക്ക് ആധാരമായ സംഭവം 2012-13 കാലയളവിൽ നടന്നിട്ടുള്ളതാണ്, അതിനാൽ കേരള സർവ്വീസ് റൂൾസ് പാർട്ട് III റൂൾ 3 (b) പ്രകാരവും നടപടി സ്വീകരിക്കാൻ സാധിക്കുകയില്ല എന്നു വിലയിരുത്തുകയുണ്ടായി.

ഈ സാഹചര്യത്തിൽ അച്ചടക്ക നടപടിയുടെ ഭാഗമായി കേരള സർവ്വീസ് റൂൾസ് പാർട്ട് III റൂൾ 59(d) പ്രകാരം ശ്രീ.വി.സി.കാർത്തികേയന്റെ പ്രതിമാസ പെൻഷൻ25% സ്ഥിരമായി കുറവുചെയ്യാൻ സർക്കാർ താല്ക്കാലികമായി തീരുമാനിച്ച് പരാമർശം(5) പ്രകാരം കാരണം കാണിക്കൽനോട്ടീസ് നൽകുകയും ആയതിന് പരാമർശം(6) പ്രകാരം ശ്രീ.വി.സി.കാർത്തികേയൻ പ്രതിവാദ പത്രികസമർപ്പിക്കുകയും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം(7) പ്രകാരം പ്രതിവാദ പത്രികയിന്മേലുള്ള അഭിപ്രായം അറിയിക്കുകയും ചെയ്തു. തുടർന്ന് സ്വാഭാവിക നീതി ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി ടിയാനെ 19.09.2022-ന് നേരിൽ കേട്ടു. ടിയാൻ വി.എസ്.എസ്. കമ്മിറ്റി അംഗമല്ലെന്നും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറും, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറും നിർദ്ദേശിച്ചതനുസരിച്ച് എം.ബുക്കിൽ ഒപ്പിടുകയാണ് ചെയ്തതെന്നും, വിജിലൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ടിയാന്റെ നിരപരാധിത്വം തെളിയിക്കുന്നതിന് അവസരം നൽകുകയോ ചെയ്തില്ലെന്നും, മനപൂർവ്വമല്ലാതെ സംഭവിച്ച തെറ്റ് മാപ്പാക്കി കുറ്റവിമുക്തമാക്കണമെന്നും ശ്രീ.വി.സി.കാർത്തികേയൻ ആവശ്യപ്പെട്ടു.

ശ്രീ.വി.സി.കാർത്തികേയൻ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ വ്യാജ ബില്ലുകൾ തയ്യാറാക്കി കണക്കുകളിൽ കൃത്രിമം കാണിച്ചിട്ടുള്ളതായും ഗൂഢാലോചനയും ക്രമക്കേടും അഴിമതിയും നടത്തി ധനാപഹരണം നടത്തിയിട്ടുള്ളതായും, ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ കൃത്യവിലോപവും അനാസ്ഥയും കാട്ടിയതുമൂലം സർക്കാരിന് 1,63,78,671/- രൂപ നഷ്ടം വരുത്തിയതിന് മറ്റ് കുറ്റാരോപിതരോടൊപ്പം ശ്രീ.വി.സി.കാർത്തികേയനും (റിട്ടയേർഡ് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ) ഉത്തരവാദിയാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

എം.ബുക്കിൽ രേഖപ്പെടുത്തുന്നതിനു മുമ്പ് യഥാർത്ഥത്തിൽ ടി അളവുകൾ പ്രകാരം ഫീൽഡ് വർക്കുകൾ നിർവ്വഹിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കുന്നതിനുള്ള മുൻകരുതൽ പരിചയ സമ്പന്നനായ ഉദ്യോഗസ്ഥനെന്ന നിലയിൽ ടിയാൻ ചെയ്യേണ്ടിയിരുന്നുവെന്നും, അപ്രകാരം ചെയ്യാത്തത് ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ വീഴ്ചയാണെന്നും, ആയത് കുറ്റാരോപണത്തിൽ നിന്ന് ഒഴിവാക്കുവാനുള്ള കാരണമല്ലെന്നും, ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (7) പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

മുകളിൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.വി.സി.കാർത്തികേയന്റെ നടപടിമൂലം ദേശീയ വനവൽക്കരണ പദ്ധതിയിൽ സർക്കാരിൽ പണം ദുരുപയോഗം നടന്നതായി തെളിഞ്ഞതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നഷ്ടത്തിൽ ടിയാന്റെ ആനുപാതിക വിഹിതമായി 23,65,581/- രൂപ സിവിൽ സ്യൂട്ട് ഫയൽ ചെയ്ത് ഈടാക്കാൻ സർക്കാർ പരാമർശം ( 8 ) പ്രകാരം ഉത്തരവായിട്ടുണ്ട്. ഔദ്യോഗിക കൃത്യവിലോപത്തിലെ വീഴ്ചകളിൽ നിന്ന് ടിയാനെ ഒഴിവാക്കാനുള്ള വാദഗതികളൊന്നും തന്നെ ടിയാന് ഉന്നയിക്കാൻ കഴിഞ്ഞിട്ടില്ല. എം. ബുക്കിലെ രേഖപ്പെടുത്തലുകൾ വ്യക്തമായി മനസ്സിലാക്കി ഒപ്പിടുന്നതിൽ ടിയാൻ കൃത്യമായ ശ്രദ്ധ പതിപ്പിക്കേണ്ടിയിരുന്നു. സർക്കാർ നഷ്ടത്തിൽ ടിയാന്റെ ആനുപാതിക വിഹിതം ഈടാക്കാൻ സർക്കാർ ഉത്തരവായതിനാൽ മാനുഷികമായ പരിഗണന നൽകി ഉദാരപരമായ സമീപനം കൈക്കൊണ്ട് കാരണം കാണിക്കൽ നോട്ടീസിൽ പരാമർശിച്ച ശിക്ഷയിൽ ഇളവു ചെയ്ത് കേരള സർവ്വീസ് റൂൾസ് പാർട്ട് III റൂൾ 59(d) പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷന്റെ 15% സ്ഥിരമായി കുറവു ചെയ്ത് ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ് ജി ആർ
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് &

ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.വി.സി.കാർത്തികേയൻ റിട്ടയേർഡ് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

സ.ഉ.(സാധാ) നം.423/2022/F&WLD

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

വനം വന്യജീവി (പി.എസ്.) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Shaji A M
Date: 30-09-2022 15:44:09